# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: 2020 ജനുവരി 09 മുതൽ ജനുവരി 13 വരെ)

## കണ്ണൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്



| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.എൻ.ആർ 03/2021 | തീയ്യതി: 08/01/2021 |
|---|---|



### എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 38.7 | 32.2 – 34.3 | 23.9-24.8 | 70–91 | 00 -04 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 09.01.2021 | 10.01.2021 | 11.01.2021 | 12.01.2021 | 13.01.2021 |
|---|---|---|---|---|---|
| മഴ, മി.മീ | 5 | 2 | 2 | 1 | 0 |
| കൂടിയ താപനില, °C | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില, °C | 25 | 24 | 24 | 24 | 24 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 91 | 91 | 91 | 91 | 91 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 10 | 6 | 8 | 14 | 10 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 230 | 250 | 270 | 230 | 230 |
| മേഘ വിന്യാസം, ഒക്റ്റാ | 8 | 7 | 7 | 6 | 3 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | ഒറ്റപ്പെട്ടയിടങ്ങളിൽ കാറ്റിനും മഴയ്ക്കും സാധ്യതയുണ്ട്<br>വാഴ, പച്ചക്കറികൾ എന്നിവക്ക് ശക്തിയുള്ള താങ്ങുകൾ നൽകുക<br>റബ്ബർ, കൊപ്ര, അടക്ക എന്നിവ തുറന്ന സ്ഥലങ്ങളിൽ ആണ് ഉണക്കുന്നതെങ്കിൽ വൈകുന്നേരങ്ങളിൽ മഴനനയാത്തിടത്തേക്കു മാറ്റി വെക്കുക<br>നിലവിലെ കാലാവസ്ഥ പച്ചക്കറികളിൽ വാട്ട (ബാക്ടീരിയ, പൂപ്പൽ മൂലമുള്ള) രോഗങ്ങൾ പടരുന്നതിന് അനുകൂലാമാകും | | |
| നെല്ല് | രണ്ടാം വിളയിൽ ഇടക്കണ പൊട്ടുന്ന സമയം | തണ്ടുതുരപ്പൻ<br> | തണ്ടു തുരപ്പന്റെ മുട്ടകൾ കാണുന്ന ഓലത്തുമ്പുകൾ മുറിച്ചെടുത്തു നശിപ്പിക്കുക. മീൻ ശർക്കര മിശ്രിതം 6 മില്ലി ഒരുലിറ്റർ വെള്ളത്തിൽ കലർത്തി തളിക്കുക.<br>ആക്രമണം രൂക്ഷമാണെങ്കിൽ 'കോരാജൻ' 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിതളിക്കുക.<br>ഒരു ചതുരശ്ര മീറ്ററിൽ രണ്ടിൽ കൂടുതൽ മുട്ടക്കൂട്ടങ്ങൾ കാണുകയാണെങ്കിൽ മാത്രം നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചാൽ മതിയാകും. |

| | | | |
|---|---|---|---|
| പച്ചക്കറികൾ | വിവിധ ഘട്ടങ്ങൾ | ബാക്ടീരിയ, പൂപ്പൽ എന്നിവ മൂലമുള്ള രോഗങ്ങൾ | മുൻ കരുതലായി, കോപ്പർ ഓക്സി ക്ലോറൈഡ് മൂന്ന് ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തയ്യാറാക്കിയ ലായനി ഇലകളിലും തണ്ടിലും തടത്തിലും തളിക്കുക. കുമിൾ നാശിനി തളിക്കുന്നതിനു മുൻപേ വിളകൾക്ക് ജലസേചനം നൽകുക. തളിച്ചതിനു ശേഷം രണ്ടു ദിവസത്തേക്ക് ജലസേചനം ഒഴിവാക്കുക. |
| വാഴ | വിവിധ ഘട്ടങ്ങൾ | ഇല കരിയൽ | വാഴ ഇല കരിയൽ രോഗം ബാധിച്ച ഇലകൾ മുറിച്ചെടുത്തു കത്തിച്ചുകളയുക. ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതമോ കോപ്പർ ഓക്സി ക്ലോറൈഡ് മൂന്ന് ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തയ്യാറാക്കിയ ലായനിയോ ഇലകളിൽ തളിക്കുക |
| മത്തൻ | കായിക വളർച്ചാ ഘട്ടം | മത്തൻ വണ്ട്  | മാലത്തിയോൺ 50 ECകീടനാശിനി മൂന്നു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ അല്ലെങ്കിൽ മാലത്തിയോൺ 50 EC രണ്ടു മില്ലി നാല് മില്ലി വേപ്പെണ്ണയോടൊപ്പം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ തയ്യാറാക്കിയ കീടനാശിനി തളിക്കുക.<br><br>മാലത്തിയോൺ 50 ECകീടനാശിനി മൂന്നു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തയ്യാറാക്കിയ ലായനി മണ്ണിൽ കുതിർക്കുകയും ചെയ്യുക. കീടനാശിനി മണ്ണിൽ കുതിർക്കുന്നതിനു മുൻപേ വിളകൾക്ക് ജലസേചനം നൽകുക. തളിച്ചതിനു ശേഷം രണ്ടു ദിവസത്തേക്ക് ജലസേചനം ഒഴിവാക്കുക. |
| കശുമാവ് | തളിരിടുന്ന സമയം | തേയില കൊതുക്  | മുൻകരുതലായി ബുവേറിയ ബേസിയാന കുമിൾ 20g/l എന്നതോതിൽ തളിക്കുക.<br><br>അല്ലെങ്കിൽ<br><br>ക്വിനാൽഫോസ് (2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്നതോതിൽ) തളിക്കുക. |

ഒപ്പ് /-

നോഡൽ ഓഫീസർ

ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി